"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയുമായി ഏർപ്പെട്ട കരാർ റദ്ദു ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.496/2026/LSGD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 1185/2024/LSGD തീയതി 01.07.2024
2. സ.ഉ.(സാധാ)നം.2495/2024/LSGD തീയതി 19.12.2024
3. ശ്രീ. ചന്ദ്രൻ ടി. 15.09.2025, 05.02.2026 തീയതികളിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.01.2026ലെ LSGD/PD/30486/2025-DPLC3 നമ്പർ കത്ത്

**ഉത്തരവ്**

2016 ൽ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം വീട്ടു വയ്ക്കുന്നതിനായി തിരുവനന്തപുരം പൗഡിക്കോണം സ്വദേശി ശ്രീ. ചന്ദ്രൻ ടി. -ക്ക്; ടിയാന്റെയും സഹോദരിയുടെയും പേരിലുള്ള ഭൂമിയിൽ, തിരുവനന്തപുരം നഗരസഭയിൽ നിന്നും 2 ലക്ഷം രൂപ ഗഡുക്കളായി അനുവദിച്ചിരുന്നു. 1997 -ൽ അപകടത്തിൽ അരയ്ക്കു താഴോട്ട് തളർന്ന് പോയ, 19 വർഷമായി അനങ്ങാനാകാതെ കിടക്കുന്ന തന്റെ അതിദയനീയ സാഹചര്യം പരിഗണിച്ചുകൊണ്ട് ചികിത്സയ്ക്ക് മറ്റു മാർഗ്ഗമില്ലാത്തതിനാൽ കൈപ്പറ്റിയ തുകയും 9% പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി വസ്തു കൈമാറ്റം ചെയ്യുന്നതിന് കരാർ റദ്ദു ചെയ്ത് കിട്ടുന്നതിനും, തുടർന്ന് സബ് രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം, വസ്തു അനന്തരാവകാശിക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിനുമായി ടിയാൻ പരാമർശം -3 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2 ) അപേക്ഷകൻ അവസാന ഗഡു കൈപ്പറ്റി 12 വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം കരാർ റദ്ദ് ചെയ്ത് നൽകുന്നതിന് പരാമർശം 1, 2

ഉത്തരവുകൾക്ക് വിധേയമായി ജില്ലാ സമിതിയുടെ അനുമതി വാങ്ങേണ്ടതും കരാർ റദ്ദ ചെയ്യുന്നതിനു മുൻപായി അപേക്ഷകൻ കൈപ്പറ്റിയിട്ടുള്ള തുക 9 % പലിശ സഹിതം തിരിച്ചടച്ചുവെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തി കരാർ റദ്ദ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകനോ 2021 ൽ മരണപ്പെട്ട സഹോദരിയുടെ അനന്തരാവകാശികൾക്കോ, സർക്കാരിന്റെ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയുള്ള ഭവന പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് ഭാവിയിൽ യാതൊരു അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയോടെ തിരുവനന്തപുരം പൗഡിക്കോണം സ്വദേശി ശ്രീ. ചന്ദ്രൻ ടി. ക്ക്, 2016 ൽ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയുമായി ഏർപ്പെട്ട കരാർ റദ്ദ ചെയ്തു കൊണ്ട് വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ശ്രീ. ചന്ദ്രൻ ടി., കുന്നത്തുവിളാകത്തു വീട്, മേലുളിയാഴതുറ,
പൗഡിക്കോണം പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി , തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 27-02-2026 10:21:58
സെക്ഷൻ ഓഫീസർ